# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3441

18.02.2013 - ൽ മറുപടിക്ക്

## കാർഷിക സർവ്വകലാശാലയുടെ ഭൂമി വിൽപ്പന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി.കെ. സദാശിവൻ | | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക സർവ്വകലാശാലകളുടെ ഭൂമി വിൽക്കുന്നതു സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ ;<br><br>(ബി) കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര കാമ്പസിലെ 30 ഏക്കർ ഭൂമി വിൽപ്പന നടത്താൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;<br><br>(സി) കാർഷിക സർവ്വകലാശാലയുടെ ഭൂമി വിൽപ്പന നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ എന്ത് ആവശ്യത്തിലേക്കാണ് ഇത് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>(ഡി) ഇതിനായി ധനകാര്യ മന്ത്രിയും കൃഷി വകുപ്പ മന്ത്രിയും കാർഷിക സർവ്വകലാശാല വൈസ് ചാൻസലറും ഗവൺമെൻറ് സെക്രട്ടറിമാരും യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ ;<br><br>(ഇ) ഉണ്ടെങ്കിൽ അതു സംബന്ധിച്ച തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (എ),<br>(ബി),<br>(സി),<br>(ഡി),<br>(ഇ) | കേരള കാർഷിക സർവ്വകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 10.01.2013 ൽ കൂടിയ ഉന്നതതല യോഗത്തിൽ കോക്കനട്ട് ബയോപാർക്ക് പ്രൊജക്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടി കാർഷിക സർവ്വകലാശാലയുടെ 30 ഏക്കർ സ്ഥലം സർക്കാരിന് കൈമാറ്റം ചെയ്താൽ പെൻഷൻ ബാദ്ധ്യത തീർക്കുന്നതിന് 30 കോടി രൂപ സർവ്വകലാശാലയ്ക്ക് നൽകുമെന്ന് തീരുമാനമെടുക്കുകയുണ്ടായി. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ